## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2211. 22.01.2014 ൽ മറുപടിയ്ക്ക്.

സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം

| ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" ലൂഡി ലൂയിസ്<br>" കെ. മുരളീധരൻ<br>" ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) 2013 ഡിസംബറിൽ സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ; | (എ) | സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ 20 -ാമത് സമ്മേളനം 2013 ഡിസംബർ 26,27 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കുകയുണ്ടായി. അംഗസംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിമാർ, ട്രാൻസ്പോർട്ട് സെക്രട്ടറിമാർ, ട്രാൻസ്പോർട്ട് കമ്മീഷണർമാർ എന്നിവർ ഉൾപ്പെട്ടതാണ് പ്രസ്തുത കൗൺസിൽ. കേരളം, ഗോവ, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുള്ള ട്രാൻസ്പോർട്ട് മന്ത്രിമാരും, എല്ലാ അംഗ സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരും രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. ബഹു: കേരള ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ ഉത്ഘാടനം ചെയ്യുകയുണ്ടായി. 27-ന് ചേർന്ന സമാപന സമ്മേളനം ബഹു. കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും വകുപ്പ് മന്ത്രി ശ്രീ. ഓസ്കർ ഫെർണാണ്ടസ് ഉത്ഘാടനം ചെയ്തു. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അംഗസംസ്ഥാനങ്ങൾ മുന്നോട്ടു വച്ച ഉഭയകക്ഷി സംബന്ധമായതും അല്ലാത്തതുമായ 36 വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. സ്പീഡ് ഗവർണർ, ടാക്സേഷൻ, റോഡ് സുരക്ഷ, മോട്ടോർ വാഹന നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ചർച്ച നടന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന് ഗുണകരമാകുന്ന ഏതെല്ലാം ആവശ്യങ്ങളാണ് യോഗത്തിൽ ഉന്നയിച്ചത് ; വിശദമാക്കുമോ ; | (സി) | കർണ്ണാടക സർക്കാർ ഈയിടെ വർദ്ധിപ്പിച്ച നികുതി സംബന്ധിച്ചും, അതിർത്തി പ്രദേശങ്ങളിലുള്ള ആംബുലൻസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ എന്നിവ നേരിടുന്ന പ്രശ്നങ്ങൾ, അന്യസംസ്ഥാനത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജുകളെ നിയന്ത്രിക്കുന്നത് സംബന്ധിച്ചും, ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിൽ കൂടുതൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉപയുക്തമാവും വിധം കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, വാഹന ഡീലർമാർ അധികചാർജുകൾ ഈടാക്കുന്നു എന്ന വ്യാപകമായ പരാതിയിൻമേൽ അവരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെ, കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ മാറ്റങ്ങൾ വരുത്തേണ്ടത് സംബന്ധിച്ചുള്ള വിഷയങ്ങളും ഉന്നയിക്കപ്പെട്ടു. |
| (ഡി) | യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ തുടർ നടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | ഉഭയകക്ഷി ഉടമ്പടികളിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ ആറ് മാസത്തിനകം ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ തീരുമാനിച്ചു. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് പാസ്സാക്കിയ പ്രമേയങ്ങൾ കേന്ദ്ര സർക്കാരിന്റെ റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം തേടാൻ തീരുമാനിച്ചു. ആയതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.<br>ഗതാഗത രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾക്ക് ഉതകുന്ന നിയമഭേദഗതികൾക്കുള്ള ശുപാർശകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുക, അന്തർസംസ്ഥാന കരാറുകൾ തീർപ്പാക്കുക, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും റോഡ് സുരക്ഷ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധ സംസ്ഥാനങ്ങൾ അവലംബിച്ച പരിപാടികളിൽ ഉചിതമായവ തിരഞ്ഞെടുത്ത് സംസ്ഥാനങ്ങൾ നടപ്പാക്കുക തുടങ്ങിയവയാണ് തുടർ നടപടികൾ. |

സെക്ഷൻ ഓഫീസർ.